**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1730** | **08-12-2022 - ൽ മറുപടിയ്ക്ക്**

**ഉൾനാടൻ മത്സ്യത്തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ തോമസ് കെ തോമസ്** | | **ശ്രീ. വി. അബ്ദുറഹിമാൻ (മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | ഉൾനാടൻ മത്സ്യത്തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ ഈ സർക്കാർ സ്വീകരിച്ചു വരുന്ന നടപടികൾ വ്യക്തമാക്കുമോ; | (എ) | ഉൾനാടൻ മത്സ്യത്തൊഴിലാളികൾ നേരിടുന്ന പ്രധാന പ്രശ്നം മത്സ്യ ലഭ്യത കുറവാണ്. ഇത് പരിഹരിക്കുന്നതിനായി സംസ്ഥാന സർക്കാർ ഉൾനാടൻ ജലാശയങ്ങളിലെ ആവാസവ്യവസ്ഥ പരിപാലിച്ച് മത്സ്യസ്രോതസ്സ് നിലനിർത്തി മത്സ്യസംരക്ഷണ കേന്ദ്രങ്ങളും, കക്ക സംരക്ഷണ കേന്ദ്രങ്ങളും സംരക്ഷിക്കുന്നതിനും നടപടി സ്വീകരിച്ച് വരുന്നു. അനധികൃതവും അശാസ്ത്രീയവുമായമത്സ്യബന്ധന രീതികൾ ഇല്ലാതാക്കുന്നതിന് കേരള ഉൾനാടൻ ഫിഷറീസ് അക്വാകൾച്ചർ ആക്ട് പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. അതിന്റെ ഭാഗമായി കായൽ പട്രോളിംഗ് ശക്തമാക്കിയിട്ടുണ്ട്. കൂടാതെ ഉൾനാടൻ ജലാശയങ്ങളിലെ മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിനും, മത്സ്യ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും പൊതുജലാശയങ്ങളിലും പുഴകളിലും മത്സ്യകുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിന് 2022-23 വർഷം 463 ലക്ഷം രൂപയുടെ 'ഇന്റഗ്രേറ്റഡ് ഫിഷറി റിസോഴ്സ് മാനേജ്മെന്റ് ഇൻ ഇൻലാന്റ് അക്വാട്ടിക് ഇക്കോസിസ്റ്റം' എന്ന പദ്ധതി നടപ്പാക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതി പ്രവർത്തനങ്ങളുടെ ഭാഗമായി കാർപ്പ്, ആറ്റുകൊഞ്ച്, കാരചെമ്മീൻ, കരിമീൻ, പൂമീൻ തുടങ്ങിയ മത്സ്യ/ചെമ്മീൻ കുഞ്ഞുങ്ങളെ നിക്ഷേപിച്ച് വരുന്നു. 2022-23 സാമ്പത്തിക വർഷം റിസർവോയർ പദ്ധതിയുടെ ഭാഗമായി 12 റിസർവോയറുകളിലായി 78,97,450 എണ്ണം മത്സ്യകുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കി വരുന്നു. പ്രസ്തുത പദ്ധതിക്കായി 200 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിലൂടെ 1,973 മെട്രിക് ടൺ മത്സ്യം ഉൽപ്പാദിപ്പിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. മത്സ്യത്തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും മൽസ്യത്തൊഴിലാളി സമൂഹത്തേയും മത്സ്യത്തൊഴിലാളികളേയും സാമൂഹികവും സാമ്പത്തികവുമായി ഉയർത്തിക്കൊണ്ട് വരുന്നതിന് ഫിഷറീസ് വകുപ്പും അനുബന്ധ ഏജൻസികളും |

വിവിധങ്ങളായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു.

ഉൾനാടൻ മത്സ്യത്തൊഴിലാളികൾ നേരിടുന്ന പ്രധാന പ്രശ്നം മത്സ്യ ലഭ്യത കുറവാണ്. ഇത പരിഹരിക്കുന്നതിനായി സംസ്ഥാന സർക്കാർ ഉൾനാടൻ ജലാശയങ്ങളിലെ ആവാസവ്യവസ്ഥ പരിപാലിച്ച് മത്സ്യസ്രോതസ്സ് നിലനിർത്ത് മത്സ്യസംരക്ഷണ കേന്ദ്രങ്ങളും, കക്ക സംരക്ഷണ കേന്ദ്രങ്ങളും സംരക്ഷിക്കുന്നതിനും നടപട് സ്വീകരിച്ച് വരുന്നു. അനധികൃതവും അശാസ്ത്രീയവുമായമത്സ്യബന്ധന രീതികൾ ഇല്ലാതാക്കുന്നതിന് കേരള ഉൾനാടൻ ഫിഷറീസ് അക്വാകൾച്ചർ ആക്ട് പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. അതിന്റെ ഭാഗമായി കായൽ പട്രോളിംഗ് ശക്തമാക്കിയിട്ടുണ്ട്. കൂടാതെ ഉൾനാടൻ ജലാശയങ്ങളിലെ മത്സ്യസമ്പത്ത സംരക്ഷിക്കുന്നതിനും, മത്സ്യ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും പൊതുജലാശയങ്ങളിലും പുഴകളിലും മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിന് 2022-23 വർഷം 463 ലക്ഷം രൂപയുടെ 'ഇന്റഗ്രേറ്റഡ് ഫിഷറി റിസോഴ്സ മാനേജ്മെന്റ് ഇൻ ഇൻലാന്റ് അക്വാട്ടിക ഇക്കോസിസ്റ്റം' എന്ന പദ്ധതി നടപ്പാക്കുന്നതിന ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധത പ്രവർത്തനങ്ങളുടെ ഭാഗമായി കാർപ്പ് ആറ്റുകൊഞ്ച്, കാരചെമ്മീൻ, കരിമീൻ, പൂമീൻ തുടങ്ങിയ മത്സ്യ/ചെമ്മീൻ കുഞ്ഞുങ്ങളെ നിക്ഷേപിച്ച് വരുന്നു. 2022-23 സാമ്പത്തിക വർഷം റിസർവോയർ പദ്ധതിയുടെ ഭാഗമായി 12 റിസർവോയറുകളിലായി 78,97,450 എണ്ണം മത്സ്യകഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കി വരുന്നു. പ്രസ്തുത പദ്ധതിക്കായി 200 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിലൂടെ 1,973 മെട്രിക ടൺ മത്സ്യം ഉൽപ്പാദിപ്പിക്കാൻ സാധിക്കുമെന്ന പ്രതീക്ഷിക്കുന്നു. മത്സ്യത്തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും മൽസ്യത്തൊഴിലാളി സമൂഹത്തേയും മത്സ്യത്തൊഴിലാളികളേയും സാമൂഹികവും സാമ്പത്തികവുമായി ഉയർത്തിക്കൊണ്ട വരുന്നതിന് ഫിഷറീസ് വകുപ്പും അനുബന്ധ ഏജൻസികളും വിവിധങ്ങളായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു.

1. സമ്പാദ്യ സമാശ്വാസ പദ്ധതി മുഖേന ഉൾനാടൻ മത്സ്യ ത്തൊഴിലാളികൾക്ക

പഞ്ഞ മാസങ്ങളിൽ 4500/- രൂപയുടെ ധനസഹായം.

2. കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മത്സ്യത്തൊഴിലാളികളുടെ മക്കളായ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ആനുകൂല്യം.
3. മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന നടപ്പിലാക്കുന്ന വിവിധ സാമൂഹിക ക്ഷേമ പദ്ധതികൾ.
4. ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി.
5. കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മത്സ്യത്തൊഴിലാളി പെൻഷണർമാർ, വിധവാ പെൻഷണർമാർ എന്നിവർക്ക പ്രതിമാസം 1600/- രൂപ പെൻഷൻ.
6. മത്സ്യബന്ധന സമയത്തോ തൊട്ട് പിന്നാലയോ അപകടം കൊണ്ടല്ലാതെ ആകസ്മിക കാരണങ്ങളാൽ ഉണ്ടാകുന്ന മരണത്തിന് ആശ്രിതർക്ക് 50,000/- രൂപയുടെ ധനസഹായം.
7. മത്സ്യത്തൊഴിലാളികളുടെ പെൺമക്കളുടെ വിവാഹത്തിന് 10000/- രൂപയുടെ ധനസഹായം.
8. മത്സ്യത്തൊഴിലാളികളുടെ ആശ്രിതരുടെ മരണാനന്തര ചിലവുകൾക്ക് 600/- രൂപയുടെ ധനസഹായം.
9. എൻ.സി.ഡി.സി ധന സഹായത്തോട് കൂടിയുള്ള സംയോജിത വികസന പദ്ധതി മുഖേന മത്സ്യഫെഡിലെ അംഗങ്ങളായ പ്രാഥമിക സഹകരണ സംഘങ്ങളിലെ അംഗങ്ങളായ മത്സ്യത്തൊഴിലാളികൾക്ക മത്സ്യബന്ധന ഉപകരണങ്ങൾക്കും മത്സ്യ വിപണന സംവിധാനം വിപുലീകരിക്കുന്നതിനും ആവശ്യമായ വായ്പാ സഹായം.
10. മാരക രോഗ ചികിത്സാ പദ്ധതി
11. മത്സ്യത്തൊഴിലാളി ക്ഷേമനിധി ഉപയോഗിച്ച് മത്സ്യബന്ധന സമയത്ത ഹൃദ്രോഗമോ മസ്തിഷ്കാഘാതമോ മൂലം മരണപ്പെടുന്ന മത്സ്യ ത്തൊഴിലാളികളുടെ ആശ്രിതർക്കുള്ള ധനസഹായം.
12. വിദ്യാഭ്യാസ രംഗത്ത് മത്സ്യത്തൊഴിലാളി മേഖലയിലെ കുട്ടികളെ

| | | | |
|---|---|---|---|
| | | | പ്രോത്സാഹിപ്പിക്കുന്നതിനായി പത്താം ക്ലാസ് മുതൽ ബിരുദാനന്തര ബിരുദം വരെ ഉന്നത വിജയം നേടുന്ന മത്സ്യത്തൊഴിലാളി കുടുംബാംഗങ്ങളായ വിദ്യാർത്ഥികൾക്ക കാഷ് അവാർഡ് |
| (ബി) | ഉൾനാടൻ മേഖലയിലെ മത്സ്യ ലഭ്യത കുറവ് പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (ബി) | സംസ്ഥാനത്ത് ഉൾനാടൻ മത്സ്യ ലഭ്യത കുറവ് പരിഹരിക്കാൻ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി നടപ്പ് സാമ്പത്തിക വർഷം ഉൾനാടൻ മത്സ്യകൃഷി വികസനത്തിനായി 73.3973 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. സുഭിക്ഷകേരളം ജനകീയ മത്സ്യകൃഷിയിലൂടെ സംസ്ഥാനത്ത് 25 ഇനം കൃഷി രീതികൾ നടപ്പിലാക്കിവരുന്നു. 2021-22 സാമ്പത്തിക വർഷം പ്രധാനമന്ത്രി മത്സ്യ സമ്പദ യോജന പദ്ധതിയിലുൾപ്പെടുത്തി 78.90 കോടി രൂപ അടങ്കൽ തുക വരുന്ന വിവിധ മത്സ്യകൃഷി പദ്ധതികളായ ബയോഫ്ളോക്ക് മത്സ്യകൃഷി, റീസർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം, ഓരുജല കൂട്ട കൃഷി, കുളങ്ങളിലെ ഓരുജലകൃഷി എന്നീ മത്സ്യ കൃഷി പദ്ധതികൾ നടപ്പിലാക്കി വരുന്നു. 2021-22 സാമ്പത്തിക വർഷം അഡാക്ക് വഴി 10.8180 കോടി രൂപയുടെ റിസർവോയർ വികസന പദ്ധതിയ്ക്ക് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭ്യമാകുകയും ആയത് പ്രകാരം പദ്ധതി പ്രവർത്തനം പുരോഗമിച്ച് വരുന്നു. നടപ്പ് സാമ്പത്തിക വർഷം പി.എം.എം.എസ്.വൈ പദ്ധതിയിൽ ഉൾപ്പെടുത്തി 35.24 കോടി രൂപ അടങ്കൽ തുക വരുന്ന വിവിധ മത്സ്യകൃഷി പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചു വരുന്നു. ഇത്തരത്തിലുള്ള പദ്ധതികൾ നടപ്പിലാക്കുക വഴി ഉൾനാടൻ മത്സ്യോൽപ്പാദനം വർദ്ധിപ്പിക്കാൻ സാധിക്കുന്നതാണ്. ഉൾനാടൻ ജലാശയങ്ങളിലെ ആവാസവ്യവസ്ഥ പരിപാലിച്ച് മത്സ്യസ്രോതസ്സ് നിലനിർത്തി മത്സ്യസംരക്ഷണ കേന്ദ്രങ്ങളും, കക്കസംരക്ഷണ കേന്ദ്രങ്ങളും സംരക്ഷിക്കുന്നതിനും കൂടാതെ അനധികൃതവും അശാസ്ത്രീയവുമായ മത്സ്യബന്ധന രീതികൾ ഇല്ലാതാക്കുന്നതിന് കായൽ പട്രോളിങ്ങ് നടത്തുന്നു. കായൽപട്രോളിങ്ങും, കേരള ഉൾനാടൻ ഫിഷറീസ് അക്വാകൾച്ചർ ആക്ട് എന്നിവ നടപ്പാക്കുന്നതിന് 2022-23 വർഷം 22 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കി വരുന്നു. കൂടാതെ ഉൾനാടൻ ജലാശയങ്ങളിലെ |

| | | | |
|---|---|---|---|
| | | | മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിനും, മത്സ്യ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും പൊതുജലാശയങ്ങളിലും പുഴകളിലും മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിന് 2022-23 വർഷം 463 ലക്ഷം രൂപയുടെ 'ഇന്റഗ്രേറ്റഡ് ഫിഷറി റിസോഴ്സ് മാനേജ്മെന്റ് ഇൻ ഇൻലാന്റ് അക്വാട്ടിക് ഇക്കോസിസ്റ്റം' എന്ന പദ്ധതി നടപ്പാക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതി പ്രവർത്തനങ്ങളുടെ ഭാഗമായി കാർപ്പ്, ആറ്റുകൊഞ്ച്, കാരചെമ്മീൻ, കരിമീൻ, പൂമീൻ തുടങ്ങിയ മൽസ്യ/ചെമ്മീൻ കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നു. 2022-23 സാമ്പത്തിക വർഷം റിസർവോയർ പദ്ധതിയുടെ ഭാഗമായി മണിയാർ, പമ്പ, പൊൻമുടി, മാട്ടുപെട്ടി, ഇരട്ടയാർ, ആനയിറങ്ങൽ, മീൻകര, പോത്തുണ്ടി, കാഞ്ഞിരപ്പുഴ, പഴശ്ശി, പെരിങ്ങൽകുത്ത്, ഷോളയാർ (Lower) എന്നീ റിസർവോയറുകളിലായി 4514.10 ഹെക്ടറിൽ 78,97,450 എണ്ണം മത്സ്യകുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കി വരുന്നു. പ്രസ്തുത പദ്ധതിക്കായി 200 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |
| (സി) | പുഴകൾ, തോടുകൾ, ഡാമുകൾ ഉൾപ്പെടെ ഉള്ള മറ്റു ജലാശയങ്ങളിൽ കൂടുതൽ നാടൻ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കാൻ നടപടി ഉണ്ടാകുമോ; വിശദമാക്കാമോ? | (സി) | സംസ്ഥാനത്ത് ഉൾനാടൻ മത്സ്യ ലഭ്യത കുറവ് പരിഹരിക്കാൻ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി നടപ്പ് സാമ്പത്തിക വർഷം ഉൾനാടൻ മത്സ്യകൃഷി വികസനത്തിനായി 73.3973 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. സുഭിക്ഷകേരളം ജനകീയ മത്സ്യകൃഷിയിലൂടെ സംസ്ഥാനത്ത് 25 ഇനം കൃഷി രീതികൾ നടപ്പിലാക്കിവരുന്നു. 2021-22 സാമ്പത്തിക വർഷം പ്രധാനമന്ത്രി മത്സ്യ സമ്പദ യോജന പദ്ധതിയിലുൾപ്പെടുത്തി 78.90 കോടി രൂപ അടങ്കൽ തുക വരുന്ന വിവിധ മത്സ്യകൃഷി പദ്ധതികളായ ബയോഫ്ളോക്ക് മത്സ്യകൃഷി, റീസർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം, ഓരുജല കൂട്ട കൃഷി, കുളങ്ങളിലെ ഓരുജലകൃഷി എന്നീ മത്സ്യ കൃഷി പദ്ധതികൾ നടപ്പിലാക്കി വരുന്നു. 2021-22 സാമ്പത്തിക വർഷം അഡാക്ക് വഴി 10.8180 കോടി രൂപയുടെ റിസർവോയർ വികസന പദ്ധതിയ്ക്ക് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭ്യമാകുകയും ആയത് പ്രകാരം പദ്ധതി പ്രവർത്തനം പുരോഗമിച്ച് വരുന്നു. നടപ്പ് സാമ്പത്തിക വർഷം പി.എം.എം.എസ്.വൈ പദ്ധതിയിൽ ഉൾപ്പെടുത്തി 35.24 കോടി രൂപ അടങ്കൽ തുക വരുന്ന വിവിധ മത്സ്യകൃഷി പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചു വരുന്നു. ഇത്തരത്തിലുള്ള പദ്ധതികൾ |

| | | | |
|---|---|---|---|
| | | | നടപ്പിലാക്കുക വഴി ഉൾനാടൻ മത്സ്യോൽപ്പാദനം വർദ്ധിപ്പിക്കാൻ സാധിക്കുന്നതാണ്. ഉൾനാടൻ ജലാശയങ്ങളിലെ ആവാസവ്യവസ്ഥ പരിപാലിച്ച് മത്സ്യസ്രോതസ്സ് നിലനിർത്തി മത്സ്യസംരക്ഷണ കേന്ദ്രങ്ങളും, കക്കസംരക്ഷണ കേന്ദ്രങ്ങളും സംരക്ഷിക്കുന്നതിനും കൂടാതെ അനധികൃതവും അശാസ്ത്രീയവുമായ മത്സ്യബന്ധന രീതികൾ ഇല്ലാതാക്കുന്നതിന് കായൽ പട്രോളിങ്ങ് നടത്തുന്നു. കായൽപട്രോളിങ്ങും, കേരള ഉൾനാടൻ ഫിഷറീസ് അക്വാകൾച്ചർ ആക്ട് എന്നിവ നടപ്പാക്കുന്നതിന് 2022-23 വർഷം 22 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കി വരുന്നു. കൂടാതെ ഉൾനാടൻ ജലാശയങ്ങളിലെ മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിനും, മത്സ്യ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും പൊതുജലാശയങ്ങളിലും പുഴകളിലും മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിന് 2022-23 വർഷം 463 ലക്ഷം രൂപയുടെ 'ഇന്റഗ്രേറ്റഡ് ഫിഷറി റിസോഴ്സ് മാനേജ്മെന്റ് ഇൻ ഇൻലാന്റ് അക്വാട്ടിക് ഇക്കോസിസ്റ്റം' എന്ന പദ്ധതി നടപ്പാക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതി പ്രവർത്തനങ്ങളുടെ ഭാഗമായി കാർപ്പ്, ആറ്റുകൊഞ്ച്, കാരചെമ്മീൻ, കരിമീൻ, പൂമീൻ തുടങ്ങിയ മൽസ്യ/ചെമ്മീൻ കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നു. 2022-23 സാമ്പത്തിക വർഷം റിസർവോയർ പദ്ധതിയുടെ ഭാഗമായി മണിയാർ, പമ്പ, പൊൻമുടി, മാട്ടുപെട്ടി, ഇരട്ടയാർ, ആനയിറങ്ങൽ, മീൻകര, പോത്തുണ്ടി, കാഞ്ഞിരപ്പുഴ, പഴശ്ശി, പെരിങ്ങൽകുത്ത്, ഷോളയാർ (Lower) എന്നീ റിസർവോയറുകളിലായി 4514.10 ഹെക്ടറിൽ 78,97,450 എണ്ണം മത്സ്യകുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കി വരുന്നു. പ്രസ്തുത പദ്ധതിക്കായി 200 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ